GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ഭരണഭാഷ – മാതൃഭാഷ**

**ADFW/FIB/TVM/234/2025-J**

ഫാം ഇൻഫർമേഷൻ ബ്യൂറോ
കവടിയാർ.പി. ഒ.,
തിരുവനന്തപുരം–3
തീയതി : 16.08.2025.

പ്രേഷകൻ

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

സ്വീകർത്താവ്

കൃഷി ഡയറക്ടർ,
വികാസ് ഭവൻ,
തിരുവനന്തപുരം

സർ,

വിഷയം:– ഫാം ഇൻഫർമേഷൻ ബ്യൂറോ – ഓണം വാരാഘോഷം 2025 – സമാപന ഘോഷയാത്രയോടനുബന്ധിച്ച് ഫ്ളോട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നത് – ഫ്ളോട്ട് തയ്യാറാക്കുന്നതിനും, അനുബന്ധ ജോലികൾ ചെയ്യുന്നതിനും ദർഘാസുകൾ ക്ഷണിക്കുന്നത് – പരസ്യം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന:– ഓണം വാരാഘോഷം 2025 ഘോഷയാത്രാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 08/08/2025 ന് തിരുവനന്തപുരം കെ.ടി.ഡി.സി. മസ്കറ്റ് ഹോട്ടലിലെ സൊണാറ്റ ഹാളിൽ വച്ച് നടന്ന ആലോചനയോഗം.

*********

2025 സെപ്റ്റംബർ 9 – ന് ഓണം ഘോഷയാത്രയുടെ ഭാഗമായി കാർഷിക പരിപാടിയിൽ കാർഷികവികസന കർഷകക്ഷേമ വകുപ്പിന് വേണ്ടി ഫൊളോട്ട് തയ്യാറാക്കി പങ്കെടുക്കുന്നുണ്ട്. ആയത് തയ്യാറാക്കുന്നതിനും അനുബന്ധ ജോലികൾ ചെയ്യുന്നതിനും ടെണ്ടർ ക്ഷണിച്ചതിന്റെ ദർഘാസ് പരസ്യം ഇതോടൊന്നിച്ച് സമർപ്പിച്ചു കെള്ളുന്നു. ടി ദർഘാസ് പരസ്യം കൃഷി ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

FARM INFORMATION BUREAU
KOWDIAR P.O. THIRUVANANTHAPURAM

Principal Information Officer

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

ADFW/FIB/TVM/234/2025-J

ഫാം ഇൻഫർമേഷൻ ബ്യൂറോ,
കവടിയാർ പി.ഒ.
തിരുവനന്തപുരം-3
തീയതി: 16/08/2025

# ദർഘാസ് നോട്ടീസ്

2025 സെപ്റ്റംബർ 9 ന് സംസ്ഥാന ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഓണം വാരാഘോഷത്തിന്റെ സമാപനത്തിന്റെ ഭാഗമായുള്ള ഘോഷയാത്രയിൽ പ്രദർശിപ്പിക്കാനായി **"കൃഷി സമൃദ്ധിക്കായി സ്മാർട്ടായ കൃഷിവകുപ്പ് "** എന്ന സന്ദേശത്തെ/ആശയത്തെ പ്രമേയമാക്കി ഒരു ഫ്ളോട്ട് തയ്യാറാക്കുവാൻ ഫാം ഇൻഫർമേഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത ഫ്ളോട്ട് തയ്യാറാക്കാൻ താല്പര്യമുള്ള ശില്പികളിൽ/കലാകാരന്മാരിൽ നിന്നും ദർഘാസ് ക്ഷണിക്കുന്നു.

ടൂ കവർ സിസ്റ്റം (ടെക്നിക്കൽ ബിഡ് & പ്രൈസ് ബിഡ്) മാതൃകയിലാണ് ദർഘാസുകൾ സ്വീകരിക്കുന്നത്. പ്രസ്തുത വിഷയത്തിന്റെ അടിസ്ഥാനത്തിലുള്ള ഫ്ളോട്ട് ഡിസൈനിന്റെ വിശദമായ 2 ഡി ഡ്രായിംഗും, സാങ്കേതിക യോഗ്യത തെളിയിക്കുന്ന രേഖകളുമാണ് ടെക്നിക്കൽ കവറിൽ ഉൾപ്പെടുത്തേണ്ടത് . പ്രസ്തുത ടെക്നിക്കൽ കവറുകൾ ആദ്യം പരിശോധിക്കുന്നതും അതിൽ നിന്നും ടെക്നിക്കൽ കമ്മിറ്റി തെരെഞ്ഞെടുക്കുന്നവരുടെ മാത്രം തുക രേഖപ്പെടുത്തിയ ദർഘാസുകൾ പരിശോധിക്കുന്നതും ടി ദർഘാസുകളിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ദർഘാസ് അംഗീകരിക്കുന്നതുമാണ്. ടെക്നിക്കൽ ബിഡുകൾ പരിശോധിക്കുമ്പോൾ സമർപ്പിച്ചിട്ടുള്ള 2 ഡി ഡ്രായിംഗിന്റെ സാങ്കേതിക മികവും ഗുണമേന്മയും ആകർഷണീയതയും കൂടാതെ കരാറുകാരന്റെ മുൻപരിചയവും വിലയിരുത്തിയായിരിക്കും കരാറുകാരെ തെരെഞ്ഞെടുക്കുന്നത്.

## കരാറുകാരനുണ്ടായിരിക്കേണ്ട സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും

ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ സർക്കാർ വകുപ്പുകൾക്ക് വേണ്ടി ഫ്ളോട്ടുകൾ/പവലിയനുകൾ/സ്റ്റാളുകൾ ഒരുക്കി പരിചയം ഉള്ള ആളായിരിക്കണം. പ്രസ്തുത ജോലികൾ കേരള സർക്കാർ വകുപ്പുകൾ, അർദ്ധ സർക്കാർ കമ്പനികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കുവേണ്ടി ചെയ്തതായിരിക്കണം. മേൽ സൂചിപ്പിച്ച ജോലികളുടെ വർക്ക് ഓർഡർ, കരാർ, വർക്ക് കംപ്ളീഷൻ സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലുമോ എല്ലാമോ ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

## ടെക്നിക്കൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ടെക്നിക്കൽ ബിഡിൽ കരാറുകാരൻ മേൽപ്പറഞ്ഞ സാങ്കേതിക യോഗ്യതകളും പ്രവൃത്തി പരിചയവും തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സമർപ്പിച്ച സാങ്കേതിക യോഗ്യതകൾ തെളിയിക്കുന്ന രേഖകൾക്കുള്ള ആധികാരികത ആവശ്യമെങ്കിൽ പരിശോധനാ വിധേയമാക്കുന്നതാണ്. കൂടാതെ കരാറുകാരന്റെ മുൻപരിചയം തെളിക്കുന്ന രേഖകളും ടെക്നിക്കൽ ബിഡിനൊപ്പം സമർപ്പിക്കേണ്ടതാണ്.

2) കരാറുകാരൻ ടെക്നിക്കൽ ബിഡിനൊപ്പം ഫ്ളോട്ടിന്റെ ഡിസൈനും ലേ ഔട്ടും ഉള്ള വിശദമായ 2 ഡി ഡ്രായിംഗ് സമർപ്പിക്കേണ്ടതാണ്. കരാറുകാരൻ ടിയാന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗിച്ച് ഫ്ളോട്ട് വളരെ ആകർഷകവും വിജ്ഞാനപ്രദവുമായ രീതിയിൽ ആവശ്യമായ പ്രകാശ ശബ്ദ സംവിധാനത്തോടെ ഒരുക്കേണ്ടതാണ്. പ്രസ്തുത ഫ്ളോട്ട് കൂടുതൽ ആകർഷകവും ആശയ സമ്പുഷ്ടവും സമ്മാനാർഹവും ആയ രീതിയിൽ ഒരുക്കാൻ കരാറുകാരൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) ഫ്ളോട്ട് ഡിസൈന് ആവശ്യമായ ലോഗോയും മറ്റ വിവരങ്ങളും ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്നതാണ്. എന്നാൽ കരാറുകാരൻ ഫ്ളോട്ട് ഡിസൈനിംഗിനായി കൂടുതൽ വിവരങ്ങൾ നിർബന്ധമായും ശേഖരിക്കേണ്ടതും ആയത് പ്രിൻസിപ്പൽ ഇൻഫർമേഷൻ ആഫീസറുടെ അംഗീകാരത്തിന് വിധേയമായി വിനിയോഗിക്കേണ്ടതാണ് .

4) കരാറുകാരൻ സമർപ്പിക്കുന്ന 2 ഡി ഡ്രോയിംഗിൽ 3 ഡി മോഡലുകൾ ഉൾപ്പെടുത്തുന്ന സ്ഥലങ്ങൾ പ്രത്യേകം മാർക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.

5) ഇ.എം.ഡി.തുകയുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ടെക്നിക്കൽ ബിഡ്ഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

**ഫിനാൻഷ്യൽ ബിഡ് സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

ഫിനാൻഷ്യൽ ബിഡിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്ന ടെൻഡർ ഫോമിൽ എല്ലാ പേജിലും ഒപ്പ വെയ്ക്കേണ്ടതും പൂർണ്ണമായും പൂരിപ്പിക്കേണ്ടതുമാണ്. എല്ലാ നികുതികളും ഉൾപ്പെടെയുള്ള തുകയായിരിക്കണം ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. ടി തുകയ്ക്ക് പുറമെ അധികമായി മറ്റൊരു നികുതികളും ഉൾപ്പെടുത്താൻ പാടില്ല.

**ഫാം ഇൻഫർമേഷൻ ബ്യൂറോ ഓണം ഫ്ളോട്ട് നിർമ്മാണ വ്യവസ്ഥകൾ**

1) ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം ഫ്ളോട്ടിന്റെ രൂപം. ഫ്ളോട്ട് സജ്ജീകരിക്കുന്നതിനാവശ്യമായ എല്ലാ സാധനസാമഗ്രിയും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചെലവിലും സജ്ജീകരിക്കേണ്ടതാണ്. (ചെടികൾ ഉൾപ്പെടെ)

2) ഐഷർ മിനി ലോറിയിൽ സജ്ജീകരിച്ച് നിർദ്ദിഷ്ട സമയത്ത് റാലിയിൽ പങ്കെടുക്കത്തക്കവിധം ആയതിന്റെ അനുബന്ധ ചെലവുകൾ ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ഫ്ളോട്ടിന്റെ നീളം 20 അടി ഉയരം 18 അടി വീതി 10 അടി എന്ന ക്രമത്തിൽ കവിയരുത്.

3) ഈ രൂപം തയ്യാറാക്കുന്നതിലേക്ക് ഇരുമ്പ് ചട്ടക്കൂടിൽ മുള, പായ, കടലാസ്, തുണി, സ്ക്വയർ ട്യൂബ്, സ്റ്റീൽ, 6 എം.എം. റോഡ്, ഫോം, എന്നിവ ഉപയോഗിക്കാം. പരമാവധി പ്രകൃതിദത്ത ഉത്പന്നങ്ങൾ ഉപയോഗിക്കണം. ഇതിൽ ഉൾപ്പെടാത്ത ഏതെങ്കിലും വസ്തുക്കൾ ഉപയോഗിക്കണമെങ്കിൽ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുമായി ബന്ധപ്പെട്ട് അനുമതി വാങ്ങണം. തയ്യാറാക്കുന്ന രൂപത്തിന് മിനുസമുള്ള പ്രതലത്തിൽ ഇനാമൽ പെയിന്റ് ഉപയോഗിച്ച് നിറം നൽകേണ്ടതുമാണ്.

4) ഫ്ളോട്ടിനുള്ളിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ നിന്നും നൽകുന്ന മാതൃകയനുസരിച്ച് 3D/2D ആനിമേഷൻ രൂപങ്ങൾ ഫ്ളോട്ടിനുള്ളിൽ സജ്ജീകരിക്കേണ്ടതാണ്. കൃഷിക്കൂട്ടങ്ങളുടെയും കേരളാഗ്രോ ബ്രാൻഡ് നാമത്തിലുള്ള ഉത്പന്നങ്ങളുടേയും 3D/2D ആനിമേഷൻ രൂപങ്ങൾ ആകർഷകമായി പ്രദർശിപ്പിക്കേണ്ടതാണ്. ഈ പ്രവർത്തികൾ നിശ്ചിത ദിവസത്തിന് ഒരു ദിവസം മുമ്പ് അനുവദിക്കപ്പെട്ട സ്ഥലത്ത് പൂർത്തിയാക്കേണ്ടതും, നിർദ്ദേശിക്കപ്പെടുന്ന ഭേദഗതികൾ തുടർന്ന് താമസംവിനാ പൂർത്തിയാക്കേണ്ടതുമാണ്.

5)വാഹനത്തിൽ ദൃശ്യ/ശ്രവ്യ സംവിധാനങ്ങൾ അനുയോജ്യമായ സ്ഥലത്ത് സജ്ജീകരിക്കേണ്ടതാണ്.

6) ഫ്ളോട്ടിനുള്ളിൽ മതിയായ വെളിച്ച സംവിധാനവും ശബ്ദസംവിധാനവും നൽകേണ്ടതാണ്. മഴയുടെ സാധ്യതയുള്ള സാഹചര്യത്തിൽ ഈ ഫ്ളോട്ടിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ആകാരത്തിനും ഭംഗിക്കും കോട്ടം സംഭവിക്കാൻ പാടില്ല. കൂടാതെ ഫ്ളോട്ടിനുള്ളിൽ വശങ്ങളിലും ആവശ്യമായ ദീപ സംവിധാനം ക്യാമ്പയിൻ ഓഫീസറുടെ നിർദ്ദേശപ്രകാരം ചെയ്യേണ്ടതാണ്.

7) സാൽവേഷൻ ആർമി, ടാഗോർ തീയേറ്റർ, മാനവീയം വീഥി എന്നീ അംഗീകൃത സ്ഥലങ്ങളിൽ നിന്നും നിർദ്ദേശാനുസരണം പുറപ്പെടത്തക്ക രീതിയിൽ അന്നേ ദിവസം രാവിലെ 10 മണിക്ക് മുൻപ് അലങ്കാരം മുഴുവൻ പൂർത്തിയാക്കേണ്ടതാണ്.

8) കൃഷിവകുപ്പിന്റെ സന്ദേശം രേഖപ്പെടുത്തി പ്രിന്റ് ചെയ്ത് (ലോഗോകൾ ഉൾപ്പെടെ) വാഹനത്തിന്റെ വശങ്ങളും പിൻഭാഗവും മറയ്ക്കേണ്ടതാണ്.

9) ഫ്ളോട്ടിനെ സംബന്ധിച്ച് ഓണാഘോഷം 2025 പെജന്ററി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

10) ഫ്ളോട്ടുമായി ബന്ധപ്പെട്ട എല്ലാ ജോലികളും റെന്റ് അടിസ്ഥാനത്തിലായിരിക്കും പൂർത്തിയാക്കേണ്ടത്.

11) ഫ്ളോട്ട് തയ്യാറാക്കുന്ന അവസരത്തിൽ വാഹനത്തിനുപിന്നിൽ എക്സ്റ്റൻഷൻ ആവശ്യമായി വരുന്ന പക്ഷം ആയത് ഇരുമ്പ് പൈപ്പ് ഉപയോഗിച്ച് ചെയ്യേണ്ടതാണ്.(തടിയോ മുളയോ ഉപയോഗിക്കാൻ പാടില്ല).

12) ഫ്ളോട്ട് ഘോഷയാത്ര നടക്കുന്ന അവസരത്തിൽ ഫ്ളോട്ടിന്റെ ആകർഷകണീയതയും ഭംഗിയും വർദ്ധിപ്പിക്കുന്നതിനായി ക്യാമ്പയിൻ ആഫീസർ നൽകുന്ന നിർദ്ദേശങ്ങളും ഭേദഗതികളും വരുത്താൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം ക്യാമ്പയിൻ ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാർ തുകയിൽ ആനുപാതികമായി കുറവ് വരുത്തുന്നതായിരിക്കും.

13) വാഹനത്തിനുള്ളിൽ മികച്ച രീതിയിൽ ആഡിയോ സംവിധാനം ഉണ്ടാകുകയും ഫാം ഇൻഫർമേഷൻ ബ്യൂറോ നൽകുന്ന ആഡിയോ (സംഗീതം) കേൾപ്പിക്കേണ്ടതുമാണ്.

14) വർക്ക് ഓർഡർ ലഭിച്ചുകഴിഞ്ഞ് ഫ്ളോട്ടിന്റെ വർക്ക് ആരംഭിച്ചുകഴിഞ്ഞാൽ ആയത് സംബന്ധിച്ച പുരോഗതി ഓരോ ഘട്ടത്തിലും ക്യാമ്പയിൻ ആഫീസറെ നേരിട്ടോ മെയിൽ മുഖാന്തിരമോ അറിയിക്കേണ്ടതാണ്.

15) ഫ്ളോട്ടിനുള്ളിൽ സജ്ജീകരിക്കുന്നതിനായുള്ള പച്ചക്കറികൾ (യഥാർത്ഥത്തിൽ ഉള്ളവ, ഞാറ് രൂപത്തിലുള്ളതും കൊയ്യാൻ പാകത്തിലുള്ളതും) സ്വന്തം ചെലവിൽ ലഭ്യമാക്കി ഫ്ളോട്ടിനുള്ളിൽ സജ്ജീകരിക്കേണ്ടതാണ്.

16) ഈ ആഫീസിൽ നിന്ന് നൽകുന്ന ക്യാപ്ഷനുകളും ലോഗോകളും ക്യാമ്പയിൻ ആഫീസറുടെ നിർദ്ദേശപ്രകാരം ഫ്ളോട്ടിൽ പ്രദർശിപ്പിക്കേണ്ടതാണ്.

17) ഫ്ളോട്ടിന്റെ നിർമ്മാണത്തിൽ, സർക്കാർ, നഗരസഭ എന്നിവയുടെ നിർദ്ദേശം അനുസരിച്ചുള്ള ഗ്രീൻ പ്രോട്ടോക്കോൾ സമ്പ്രദായം കർശനമായി പാലിക്കേണ്ടതാണ്.

18) ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലും ആയതിൽ ഭേദഗതി വരുത്തുന്നതിനും റദ്ദ് ചെയ്യുന്നതിനും പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കും.

ഇതിന്റെ വിശദാംശങ്ങൾക്കായി ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ഓഫീസിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ നേരിട്ട് വിളിക്കാവുന്നതാണ്. ഫോൺ നമ്പർ 0471 2317314.

അടങ്കൽ തുക (എല്ലാ നികുതികളും ഉൾപ്പെടെ) : 4,00,000/- രൂപ

നിരതദ്രവ്യം : 4,000/-

(പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് സമർപ്പിക്കേണ്ടതാണ്)

<u>ദർഘാസ് ഫോറത്തിന്റെ വില</u>

| | | |
|---|---|---|
| എ) അസ്സൽ വില | : | 1000 + ഏടാ (12%) |
| ബി) ഡ്യൂപ്ലിക്കേറ്റ് വില | : | 500 + ഏടാ (12%) |

ദർഘാസ് ഫോറത്തിന്റെ വിൽപ്പന
അവസാനിക്കുന്ന തിയതിയും സമയവും : 22.08.2025 1 PM

ദർഘാസ് സ്വീകരിക്കുന്ന അവസാന
തിയതിയും സമയവും : 22.08.2025 3 PM

ദർഘാസ് തുറക്കുന്ന തിയതിയും
സമയവും : 22.08.2025 3.30 PM

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ

FARM INFORMATION BUREAU
KOWDIAR P.O. THIRUVANANTHAPURAM 695 003

**Principal Information Officer**
Farm Information Bureau
Kowdiar, Thiruvananthapuram-695 003

# കേരള സർക്കാർ
## കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
### ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

### "ഓണം ഫ്ളോട്ട് 2025" ദർഘാസ് പരസ്യം

**ADFW/FIB/TVM/234/2025-J**

തീയതി: 16/08/2025

| | |
|---|---|
| അടങ്കൽ തുക (എല്ലാ നികുതികളും ഉൾപ്പെടെ) | : 4,00,000/- രൂപ |
| ദർഘാസ് ഫോറത്തിലെ വില (അസ്സൽ) | : 1,000/- രൂപ + ജി എസ് റ്റി. (12%) |
| ദർഘാസ് ഫോറം (ഡ്യൂപ്ലിക്കേറ്റ്) വില | : 500/- രൂപ + ജി എസ് റ്റി. (12%) |
| നിരത ദ്രവ്യം | : 2.5% (Rs.4,000/-) |
| ദർഘാസ് ഫോറത്തിന്റെ വില്പന അവസാനിക്കുന്ന തീയതിയും സമയവും | : 22.08.2025, ഉച്ചയ്ക്ക് 1 മണി വരെ |
| ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | : 22.08.2025, ഉച്ചയ്ക്ക് 3 മണി വരെ |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | : 22.08.2025, ഉച്ചയ്ക്ക് 3.30 മണി |

16.08.2025

FARM INFORMATION BUREAU
KOWDIAR P.O. THIRUVANANTHAPURAM

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ
ഫാം ഇൻഫർമേഷൻ ബ്യൂറോ

Principal Information Officer

സ്വീകർത്താവ്

1) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
2) സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, തിരുവനന്തപുരം,
3) ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
4) ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
5) ഫാം ഇൻഫർമേഷൻ ബ്യൂറോ, വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
6) സ്റ്റോക്ക് ഫയൽ